"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചിരുന്ന ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം വകുപ്പ് മേധാവി ശിപാർശ ചെയ്ത ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1864/2026/LSGD തീയതി,തിരുവനന്തപുരം, 03-10-2026

പരാമർശം:-

1. സ.ഉ (കൈ)94/2011/തസ്വഭവ തീയതി **20.5.2011.**
2. സ.ഉ.(സാധാ) നം.**1296/2024**/തസ്വഭവ തീയതി **18.07.2024.**
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ **24.05.2025, 03.06.2026 27.01.2026** എന്നീ തീയതികളിലെ **ADFW/2284/2020-SA4,ADFW /5375/ 2022-SA4** നമ്പർ കത്തുകൾ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **13.08.2026,20.08.2026** എന്നീ തീയതികളിലെ **LSGD/PD/720/2024-DEH4** നമ്പർ കത്തുകൾ.

ഉത്തരവ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യസിച്ചിരുന്ന ക്ലർ ക്കുമാരായ ശ്രീമതി ലാവണ്യ(കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്), ശ്രീ ബാലകൃഷ്ണൻ (ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി) , എന്നീ ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പകരം ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും പുനർവിന്യസിച്ചിട്ടുള്ള ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനുമായി പരാമർശം (3) പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീമതി. ലാവണ്യ , ശ്രീ. ബാലകൃഷ്ണൻ എന്നിവർക്കെതിരെ, നിലവിൽ

പുനർവിന്യാസത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന സ്ഥാപനങ്ങളിൽ, വകുപ്പുതല അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർ വിന്യസിച്ചിരുന്ന ശ്രീമതി ലാവണ്യ , ശ്രീ ബാലകൃഷ്ണൻ എന്നിവരെ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം വകുപ്പ് മേധാവി ശിപാർശ ചെയ്ത ജീവനക്കാരെ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി ചുവടെ ചേർക്കും പ്രകാരം പുനർവിന്യസിച്ചുകൊണ്ടും, പുനർവിന്യാസത്തിലുള്ള ജീവനക്കാർക്ക് ഓപ്ഷൻ പരിഗണിച്ച് പുനർവിന്യാസ സ്ഥലംമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നം	പേര്, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ്	ഓപ്ഷൻ പരിഗണിച്ച് പുനർവിന്യസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം
01	ശ്രീമതി. ഫർസാന ക്ലർക്ക്, നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം	കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്(പാലക്കാട്)
02	ശ്രീമതി. സമന്യ പി കെ ക്ലർക്ക്,പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസ്	കൊച്ചിൻ കോർപ്പറേഷൻ
03	ശ്രീ പ്രകാശൻ,ക്ലർക്ക്, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്	കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്(പാലക്കാട്) (പുനർ വിന്യാസ സ്ഥലംമാറ്റം)

പുനർവിന്യാസ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിക്കുന്ന ജീവനക്കാരും, പുനർവിന്യാസ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിനു മുമ്പ് ടി ജീവനക്കാർ സർക്കാരിലേക്കോ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനോ യാതൊരു ബാധ്യതയും വരുത്തിയിട്ടില്ലെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
സെക്രട്ടറി,കൊച്ചിൻ കോർപ്പറേഷൻ
സെക്രട്ടറി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്
സെക്രട്ടറി, ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി
സെക്രട്ടറി, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്
ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(**ERA1/99/2025-LSGD)**

ഉത്തരവിൻ പ്രകാരം

Digitally signed by
Sethulal R
Date: 03-10-2026
13:31:05

സെക്ഷൻ ഓഫീസർ